കേരള ഖാദി വ്യവസായ ബോർഡ് നൽകുന്ന വായ്പ

683 [682] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, ആർ. എസ്. ഉണ്ണി:
,, കെ. ശങ്കരനാരായണപിള്ള:
,, എ. വി. താമരാക്ഷൻ:
,, എ. സി. ഷൺമുഖദാസ്:
,, എ. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി വ്യവസായ ബോർഡിൽ നിന്ന് ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങൾക്കാണ് വായ്പ നൽകുന്നത്;

(ബി) 1985–86 സാമ്പത്തിക വർഷം എത്രപേർ വായ്പയ്ക്കു വേണ്ടി അപേക്ഷ നൽകി; അതിൽ എത്ര പേർക്ക് അനുവദിച്ചു;

(സി) ഖാദി കമ്മീഷൻ അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിൽ?

ഉത്തരം

(എ) ഖാദി, അലൂമിനിയം, മൺപാത്ര വ്യവസായം, തുകൽ വ്യവസായം, തീപ്പെട്ടി വ്യവസായം, പന മക്കര വ്യവസായം, ശർക്കര–പഞ്ചസാര വ്യവസായം, എണ്ണയാട്ടൽ വ്യവസായം, പച്ച മരുന്നു ചെടികളുടെ ശേഖരണം, പഴവർഗ്ഗസംരേണവും സംസ്കരണവും, സോപ്പു നിർമ്മാണം, കുമ്മായ വ്യവസായം, തേനീച്ച വളർത്തൽ, നാരുവ്യവസായം ആശാരിപ്പണി, കൊല്ലപ്പണി, ഈറ, മുള വ്യവസായങ്ങൾ, പോളിവസ്ത്രം, കൈക്കടലാസു നിർമ്മാണം, ധാന്യ-പയർ വർഗ്ഗ സംസ്കരണം, റബ്ബർ അടിസ്ഥാന വ്യവസായം മുതലായവ.

(ബി) 1256 അപേക്ഷകൾ കിട്ടിയതിൽ 918 പേർക്ക് വായ്പ അനുവദിച്ചു.

(സി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

കൈത്തറി റിബേറ്റ് അനുവദിക്കപ്പെടുന്ന ദിവസങ്ങൾ

686 [683] ശ്രീമതി പി. ദേവൂട്ടി:
ശ്രീ. വി. ജെ. തങ്കപ്പൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ടി. കെ. ഹംസ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി തുണികൾ വിറ്റഴിക്കുന്നതിന് ഇപ്പോൾ വർഷത്തിൽ എത്ര ദിവസത്തെ റിബേറ്റാണ് അനുവദിക്കുന്നത്?

ഉത്തരം

കൈത്തറി തുണികൾ വിറ്റഴിക്കുന്നതിന് ഇപ്പോൾ വർഷത്തിൽ 101 ദിവസത്തെ റിബേറ്റ് അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly